(ബി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് : 16 ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. താൽക്കാലികാടിസ്ഥാനത്തിൽ 18 ജീവനക്കാരും കരാർ അടിസ്ഥാനത്തിൽ 3-ഉം ദിവസവേതനാടിസ്ഥാനത്തിൽ 3-ഉം ജീവനക്കാർ ജോലി നോക്കുന്നു.

സർവ്വ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് :- ദിവസവേതനാടിസ്ഥാനത്തിൽ 3-ഉം കരാർ അടിസ്ഥാനത്തിൽ 30-ഉം പേർ ജോലി നോക്കുന്നു.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് :- താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച 9 പേരിൽ 4 പേരെ 2007-ലും 5 പേരെ 2008-ലും സ്ഥിരപ്പെടുത്തി. കരാർ അടിസ്ഥാനത്തിൽ 4 പേർ ഇപ്പോഴും ജോലി നോക്കുന്നു.

(സി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് :- നിലവിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ W.P.(C) No. 26087/2008 കേസ് നിലവിലുണ്ട്. സർവ്വ വിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കേസുകളൊന്നും നിലവിലില്ല.

കേരള ലളിതകലാ അക്കാഡമിയിലെ സ്ഥിര നിയമനം

106 (2118) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലളിതകലാ അക്കാഡമിയിൽ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ തസ്തിക സൃഷ്ടിച്ചു സ്ഥിരപ്പെടുത്തണമെന്ന് അക്കാഡമി ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര പേരെ സ്ഥിരപ്പെടുത്തണമെന്നാണ് ആവശ്യപ്പെട്ടത് ;

(ബി) ഇവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഏതൊക്കെ തസ്തികകൾ സ്ഥിരപ്പെടുത്തണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത് ;

(ഡി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമിക്കപ്പെവർ ആരെങ്കിലും ഉണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) ലളിതകലാ അക്കാഡമിയിൽ പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തിക ഉണ്ടോ ; ഈ തസ്തികയിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ; എങ്കിൽ പേരു വിവരം വെളിപ്പെടുത്തുമോ ;

(എഫ്) പി.ആർ.ഒ. യെ എന്നു മുതലാണ് നിയമിച്ചതെന്നും എത്ര രൂപയാണ് പ്രതിമാസം നൽകുന്നതെന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള ലളിതകലാ അക്കാഡമിയിൽ ദിവസവേതനത്തിൽ ജോലി ചെയ്തു വരുന്ന 14 (പതിനാല്) പേരെ തസ്തിക സൃഷ്ടിച്ചു സ്ഥിരപ്പെടുത്തണമെന്ന് അക്കാഡമി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമിക്കപ്പെട്ടവർ ആരുമില്ല.

(ഇ) അക്കാഡമിയിൽ പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തിക ഇല്ല. ശ്രീമതി സിന്ധു. ഡി-യെ പി.ആർ.ഒ. ആയി കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(എഫ്) പി.ആർ.ഒ. യെ 2-8-2010 മുതൽ പ്രതിമാസം 12,500 രൂപ പ്രതിഫലത്തിലാണ് നിയമിച്ചത്.

ഫിലിം ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

107 (2119) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കുമ്പോഴുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കുമോ ;

(ബി) ഇപ്പോഴത്തെ അതിന്റെ പ്രവർത്തനം. ഉദ്ദേശലക്ഷ്യങ്ങൾക്കനുസൃതമായാണോ നടക്കുന്നത് എന്നതിനെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ ;

(സി) കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള കാലാനുസൃത പരിഷ്കരണത്തിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ;

(ഡി) കോർപ്പറേഷൻ നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടത് എന്നു മുതലാണെന്ന് വ്യക്തമാക്കുമോ ;

(ഇ) അതിനുശേഷം പി.എസ്.സി. മുഖേനയല്ലാതെ നിയമനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ചു വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ചലച്ചിത്ര-ടെലിവിഷൻ മേഖലയുടെ വികസനത്തിനായി അവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാകുന്നതിനുള്ള സ്റ്റുഡിയോകൾ, ശബ്ദലേഖനം, പാട്ടുകളുടെ റിക്കോർഡിംഗ്, റീ-റിക്കാർഡിംഗ്, മിക്സിംഗ് സ്റ്റുഡിയോകൾ സ്ഥാപിക്കുക, ചലച്ചിത്ര നിർമ്മാണം, ടെലിവിഷൻ പരിപാടികളുടെ നിർമ്മാണം എന്നിവ നടത്തുന്നതിനുള്ള സൗകര്യങ്ങൾ നൽകുക, ചലച്ചിത്ര നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly